**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 395** **04-07-2024 - ൽ മറുപടിയ്ക്ക്**

**ലേബർ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന ലേബർ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളി ക്യാമ്പുകളിലും നിർമ്മാണ സ്ഥലങ്ങളിലും നടക്കുന്ന പരിശോധനകളിൽ അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ശോചനീയമായ താമസ സൗകര്യങ്ങളിൽ താമസിക്കുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പ നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തുന്ന ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് ഉൾപ്പെടെ നൽകുകയും ചെയ്തുവരുന്നു. |
| (ബി) | പ്രസ്തുത ക്യാമ്പുകളിൽ ഉൾക്കൊള്ളാവുന്നതിലധികം പേരെ പാർപ്പിച്ചിരിക്കുന്നതായും മതിയായ ശുചിമുറി സൗകര്യം ഇല്ലായെന്നും കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളി ക്യാമ്പുകളിലും നിർമ്മാണ സ്ഥലങ്ങളിലും നടക്കുന്ന പരിശോധനകളിൽ അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ശോചനീയമായ താമസ സൗകര്യങ്ങളിൽ താമസിക്കുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പ നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തുന്ന ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് ഉൾപ്പെടെ നൽകുകയും ചെയ്തുവരുന്നു. |
| (സി) | പ്രസ്തുത ക്യാമ്പുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പ് സ്വീകരിക്കാൻ | (സി) | ഇതര സംസ്ഥാന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തൊഴിൽ വകുപ്പ് |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുന്നുണ്ട്. അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താനായി എൻഫോഴ്സ്മെന്റ് വിഭാഗം ക്യാമ്പ് വിസിറ്റ് നടത്തുകയും തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങൾ പരിശോധിക്കുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ